കളക്ടർമാർ ചെയ്തിട്ടുണ്ട്, ചെയ്തുകൊണ്ടിരിക്കുകയാണ്. മൂടാടി കടപ്പുറത്ത് 500 മീറ്റർ നീളത്തിലും മാന്നമംഗലത്ത് 700 മീറ്റർ നീളത്തിലും, കടൽഭിത്തി കെട്ടുന്ന ജോലികളും നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ ജോലിക്കും ഏകദേശം 15 ലക്ഷം രൂപ വേണ്ടിവരും. ഈ പ്രദേശങ്ങളിൽ വളരെ ഗുരുതരമായ കടലാക്രമണം ഉണ്ടായിട്ടില്ലെങ്കിൽപ്പോലും ഇതു വളരെ ഗൗരവമായിത്തന്നെയെടുത്തു വേണ്ടനടപടികളും സ്വീകരിക്കുന്നതാണ്:

(3) ശോഭന എന്ന യുവതിയുടെ സംശയകരമായ മരണം

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, എന്റെ നിയോജകമണ്ഡലമായ കടയ്ക്കൽ, മുല്ലക്കര ബ്ലാങ്കീഴ് എന്ന സ്ഥലത്ത് ശോഭന എന്ന പാവപ്പെട്ട യുവതിയെ കൊലപ്പെടുത്തിയതു സംബന്ധിച്ച് പ്രക്ഷുബ്ധമായ സ്ഥിതി നിലനിൽക്കുകയാണ്. ഈ കേസ് സംബന്ധിച്ച് ലോക്കൽ പോലീസ് ഇതുവരെ നടത്തിയ അന്വേഷണങ്ങളും തൃപ്തികരമല്ലാത്തതുകൊണ്ടാണ് നാട്ടുകാർ പ്രക്ഷോഭണം നടത്തുന്നത്. ഈ കേസ് ക്രൈംബ്രാഞ്ചിന് വിടണമെന്നുപറഞ്ഞ് നാട്ടുകാർ മുഖ്യമന്ത്രിക്കും ഐ.ജി.ക്കും നിവേദനം നടത്തിയെങ്കിലും ഈ കേസ് അന്വേഷിച്ച് കുറ്റക്കാരെ പുറത്തുകൊണ്ടുവരുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചാലും പല സ്വാധീനങ്ങളും അവിടെയും ഉണ്ടെന്നറിയാം. എങ്കിലും ഈ കൊലപാതകത്തിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്നു നാട്ടുകാർ ആഗ്രഹിക്കുന്നു. അതുകൊണ്ട് ശോഭനയുടെ കൊലപാതകം സംബന്ധിച്ച് അന്വേഷണം നടത്തുവാനും, കുറ്റക്കാരെ കണ്ടുപിടിക്കുവാനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ശോഭനയുടെ മരണം ഒരു ആത്മഹത്യയാണെന്നാണ് ഇതുവരെയുള്ള നിഗമനം. ശോഭനയുടെ അയൽവാസിയായ വിനോദനുമായി ശോഭന സ്നേഹത്തിലായിരുന്നു. വീട്ടുകാർ അത് അംഗീകരിക്കാത്തതുകൊണ്ട് അവർ വീടുവിട്ടുപോയി കോട്ടയത്തുള്ള ഒരു ലോഡ്ജിൽ മുറിയെടുത്തു താമസിച്ചു. 2 ദിവസം കഴിഞ്ഞു തിരിച്ചുവന്നതിനുശേഷം രണ്ടുപേരും വിഷം കഴിച്ച് കിടക്കുന്നതായിട്ടാണ് കണ്ടത്. വിനോദന്റെ വീട്ടുകാർ വിനോദനെ ആശുപത്രിയിൽ കൊണ്ടുപോയി. ശോഭന ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന വഴിക്ക് മരിച്ചു. ഇതുസംബന്ധിച്ചുള്ള പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത് വിഷം കഴിച്ചിട്ടാണ് മരണം സംഭവിച്ചതെന്നാണ്. എങ്കിൽപോലും ഇതിനെക്കുറിച്ച് സംശയത്തിനിടയായതുകൊണ്ട് ഇതിന്റെ അന്വേഷണം ഇന്നലെത്തന്നെ ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചുകൊണ്ട് കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്.

(4) ഒല്ലൂർ റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒല്ലൂർ റെയിൽവേ സ്റ്റേഷനിൽ ഒരു ഓവർബ്രിഡ്ജ് പണിയണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ രണ്ടു തവണ ഈ സഭയിൽ സബ്മിഷൻ ഉന്നയിച്ചിരുന്നതാണ്. അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായും ഈ പ്രശ്നം കൈകാര്യം ചെയ്യാമെന്നും ഒന്നാംഘട്ട മുൻഗണന നൽകാമെന്നും സഭയിൽ ഉറപ്പു തന്നിരുന്നു. പക്ഷേ ഇന്നുവരെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ നടപടികളൊന്നും ആരംഭിച്ചിട്ടില്ല. ഓവർബ്രിഡ്ജിനു വേണ്ട സ്ഥലവും അപ്രോച്ച് റോഡിനുവേണ്ട സ്ഥലവും അതിനുള്ള നടപടിക്രമങ്ങളും എസ്റ്റിമേറ്റും തയ്യാറായി കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടനടി ആരംഭിച്ചില്ലെങ്കിൽ ആ പ്രദേശത്ത് വളരെ ബുദ്ധിമുട്ടുകളുണ്ടാകും. ഓരോ 15 മിനിട്ടിനും റെയിൽ ക്രോസ് അടയ്ക്കുന്ന സ്ഥലമാണിത്. കാരണം തൃശ്ശൂരിനും പുതുക്കാടിനും ഇടയ്ക്കുള്ള ഈ റെയിൽവേ സ്റ്റേഷനിലാണ് ഗുഡ്സ് വണ്ടികളുടെ ഷണ്ടിംഗ് നടത്തുന്നത്. കൂടാതെ മറ്റു പാസഞ്ചർ വണ്ടികളും എക്സ്പ്രസ് വണ്ടികളും ഇവിടെ വന്നാണ് ക്രോസ് ചെയ്യുന്നത്. ഇതുമൂലം ആ പ്രദേശത്തുകൂടി വരുന്ന വാഹനങ്ങൾക്ക് സഞ്ചരിക്കാൻ നിവൃത്തിയില്ല. അന്യകേന്ദ്രങ്ങളിൽ നിന്നും ഈ വ്യവസായകേന്ദ്രത്തിലേക്ക് വരുന്ന ലോറികൾക്കും ഓട്, പാക്കിംഗ് കേസ് ഇവ കൊണ്ടുപോകാൻ വരുന്ന വാഹനങ്ങൾക്കും പോകാൻ കഴിയാതെ വളരെ കഷ്ടപ്പെടുന്നു. ബഹുമാനപ്പെട്ട മന്ത്രി സഭയിൽ ഉറപ്പുതന്നപ്രകാരം ഒന്നാം മുൻഗണന നൽകി ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ഈ ഓവർബ്രിഡ്ജിന്റെ പണി തുടങ്ങാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഓവർബ്രിഡ്ജിന് സംസ്ഥാനത്ത് ഇനി പണിയാനുള്ള ലിസ്റ്റിൽ ആദ്യത്തെ പ്രയോറിറ്റിയാണ് കൊടുത്തിരിക്കുന്നത്. അതിന്റെ ആവശ്യകത ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. ഇതിനുവേണ്ടി ഇക്കൊല്ലം ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. പക്ഷേ റെയിൽവേയാണ് ഇതിന്റെ ചുമതല എടുക്കേണ്ടതും ഇത് പണിയേണ്ടതും. റെയിൽവേ ഇതിന്റെ ചുമതല എടുക്കാമെന്ന് അറിയിച്ചാൽ ഉടൻതന്നെ ഗവൺമെന്റിൽ നിന്നും ഇതിനാവശ്യമായ തുക റെയിൽവേ ബോർഡിന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയും. ഇതിന്റെ പ്രവർത്തനം നടത്തേണ്ടത് റെയിൽവേ ബോർഡാണ്. അതിന്റെ ചെലവ് വഹിക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണെന്നുള്ളതുകൊണ്ട് ചെലവു വഹിക്കാൻ ഗവൺമെന്റ് തയ്യാറാണെന്ന് ബോർഡിനെ അറിയിച്ചിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റും മറ്റു കാര്യങ്ങളും ലഭിക്കുന്ന മുറയ്ക്ക് തീർച്ചയായും ഇതിനുവേണ്ട തുക ലഭ്യമാക്കാൻ ശ്രമിക്കാം. ഇക്കൊല്ലം തന്നെ ഇത് തുടങ്ങുന്നതിനുവേണ്ടി റെയിവേ ബോർഡിനെ റിമൈൻഡ് ചെയ്യുകയും നടപടി സ്വീകരിക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്യുന്നതാണ്.

(5) ഭാരതപ്പുഴയുടെ വടക്കേ കരയിൽ സംരക്ഷണമതിൽ

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, പട്ടാമ്പിയിൽ ഭാരതപ്പുഴയുടെ വടക്കേ കര ഓരോ വർഷവും കാലവർഷമായാൽ ഇടിഞ്ഞുപോയിക്കൊണ്ടിരിക്കുകയാണ്. അവിടെ ഇപ്പോൾ 100 കണക്കിന് തെങ്ങും, കവുങ്ങും, നശിച്ചുകഴിഞ്ഞു. പട്ടാമ്പി ക്രോസ്വേക്ക് താഴെ കൊടുമുണ്ടവരെയുള്ള പ്രദേശത്തിലാണ് ഇപ്പോൾ വികസിച്ചുകൊണ്ടിരിക്കുന്ന പട്ടാമ്പി ടൗൺ നിലനിൽക്കുന്നതുതന്നെ. വാട്ടർ സപ്ലൈ സ്കീമിന്റെ പമ്പ് ഹൗസ് ഇവിടെയാണ്. അതുപോലും ഇടിഞ്ഞു പോകുന്ന ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. വർഷകാലമായാൽ ഒരു ഉഗ്രമൂർത്തിയെപ്പോലെ പുഴ

LIBRARY ARCHIVES Kerala Legislative Assembly